compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഏപ്രിൽ 28
Tuesday, 28th April 2026

1201 മേടം 15
15th Medam 1201

1948 വൈശാഖം 8
8th Vaisakha 1948

വാല്യം 15
Vol. XV

നമ്പർ **17**
No.

Part III

Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKLM/11/2026-I. 2026 ഏപ്രിൽ 8.

2026 ഫെബ്രുവരി 4-ന് കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ തെക്കുംഭാഗം വില്ലേജിൽ ജോയ്സൺ കോട്ടേജിൽ സിറിൽ മകൻ ശ്രീ. ജോൺ എന്ന വ്യക്തിയുടെ പേരിലുള്ളതും ഫിഷറീസിൽ KL02/C-26/2020 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള ചീനവല, കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ തെക്കുംഭാഗം വില്ലേജിൽ നടുവത്ത്ചേരിയിൽ പട്ടരയ്യത്ത്, ശ്രീ. സന്തോഷ് കുമാർ (കരുനാഗപ്പള്ളി ഉൾനാടൻ-5232)പേർക്ക് ചവറ സബ് രജിസ്ട്രാർ ഓഫീസിൽ വച്ച് 2026-ൽ ഒന്നാം പുസ്തകം 1241 വാല്യം 95 മുതൽ 100 വരെ വശങ്ങളിൽ 347 നമ്പരായി വിലയാധാരം ചെയ്ത് ലഭിച്ചിട്ടുള്ളതാണ്. ശ്രീ. സന്തോഷ് കുമാർ തന്റെ പേരിൽ കൈമാറ്റം ചെയ്ത് ലഭിച്ച ചീനവല പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കരുനാഗപ്പള്ളി താലൂക്കിൽ തെക്കുംഭാഗം വില്ലേജിൽ പുതിയ തുരുത്തിനു കിഴക്ക് വശം മുൻ സർവ്വേ നമ്പർ 1214/272-ൽ വടക്ക് മാറി കിഴക്കോട്ട് ദർശനമായി ഒരു ചീനവല എന്ന നിലവിലെ സ്ഥാനത്ത് നിന്നും തൃക്കടവൂർ വില്ലേജിൽ ബ്ലോക്ക് 003, സർവ്വേ നമ്പർ 281/3-2 വസ്തുവിനോട് ചേർന്ന് അഷ്ടമുടിക്കായലിൽ (Lat-8.899456, Lon-76.591004) എന്നയിടത്തേക്ക് മാറ്റി സ്ഥാപിക്കുവാനും ശ്രീ. സന്തോഷ് കുമാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ KL02/C-26/2020 എന്ന ചീനവല ശ്രീ. സന്തോഷ് കുമാർ പട്ടരയ്യത്ത്, ദളവാപുരം പേർക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിനും ചീനവലയുടെ സ്ഥാനം തൃക്കടവൂർ വില്ലേജിൽ ബ്ലോക്ക് 003, സർവ്വേ നമ്പർ 281/3-2 വസ്തുവിനോട് ചേർന്ന് അഷ്ടമുടിക്കായലിൽ (Lat-8.899456, Lon-76.591004) എന്നയിടത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനും ന്യായമായ പരാതി ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 2 മാസത്തിനുള്ളിൽ ഈ ഓഫീസിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്. അല്ലാത്തപക്ഷം പരാതിയൊന്നും തന്നെയില്ല എന്ന് കണക്കാക്കി അപേക്ഷകന്റെ പേരിൽ ചീനവല പോക്കുവരവ് ചെയ്ത് സ്ഥാനമാറ്റം അനുവദിച്ച് നൽകുന്നതായിരിക്കും.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കൊല്ലം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.04.28 03:38:37 +05:30